## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് – കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ശ്രീ.പ്രകാശ്.കെ.കെ മുതൽ പേർ ഫയൽ ചെയ്തിരിക്കുന്ന ഒ.എ(ഇ.കെ.എം) നം. 263/2018-ലെ കോടതി വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(സാധാ)നം. **5147**/2018/ധന. തീയതി,തിരുവനന്തപുരം,**18.06.2018**

---

പരാമർശം: 1. സ.ഉ(പി) നം.20/2013/ധന. തീയതി: 07/01/2013.
2.സ.ഉ(സാധാ) നം. 353/2016/ധന. തീയതി: 01/09/2016
3. 30.01.2018-ലെ ഒ.എ(ഇ.കെ.എം) നം. 263/2018 മേലുള്ള കോടതി വിധി

### ഉത്തരവ്

01.04.2013 ന് മുൻപ് പാർട് ടൈം തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും 01.04.2013 ന് ശേഷം ഫുൾ ടൈം തസ്തികയിലേയ്ക്ക് പ്രൊമോഷൻ മുഖേന നിയമിക്കപ്പെട്ടുകയും നിലവിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീ.പ്രകാശൻ.കെ.കെ മുതൽ പേർ തങ്ങളെ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിക്കുകയും എന്നാൽ അവരുടെ അപേക്ഷ വിവിധ തലങ്ങളിൽ പരിശോധിച്ചതിന് ശേഷം നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ആവശ്യം പരിഗണിക്കാനാകില്ല എന്ന സർക്കാർ തീരുമാനം അവരെ അറിയിച്ചതുമാണ്. സർക്കാരിന്റെ ഈ നിലപാട് അംഗീകരിക്കാൻ സാധിക്കാത്തതിനാലാണ് അവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ റിട്ട് ഹർജി സമർപ്പിച്ചത്. പരാമർശം (1) ഉത്തരവ് പ്രകാരം 01.04.2013 മുതൽ സർവീസിൽ നിയമിക്കപ്പെടുന്നവരും കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ലഭിക്കുമായിരുന്നവരെയുമാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ സേവന വേതന വ്യവസ്ഥകൾക്കാധാരം പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾസ് ആണ്. പാർട്ട്-ടൈം

സർവ്വീസിൽ തുടരുന്നിടത്തോളം കാലം അവർക്ക് ആയത് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാവുകയും ചെയ്യും. മാത്രമല്ല 70 വയസ്സ് വരെ സർവ്വീസിൽ തുടരുകയും ചെയ്യാവുന്നതാണ്. അതേ സമയം ഫുൾ ടൈം തസ്തികയിലേയ്ക്ക് പ്രവേശിക്കുമ്പോൾ അവർ കെ.എസ്.ആർ ഭാഗം- III ന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. 31.03.2013 വരെ കെ.എസ്.ആർ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01.04.2013 മുതൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അത് പ്രകാരം 01.04.2013 ന് ശേഷം ഫുൾ ടൈം തസ്തികയിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഈ ജീവനക്കാർ കെ.എസ്.ആർ ഭാഗം- III ന്റെ പരിധിയിൽ വരുന്നതും എന്നാൽ 01.04.2013 മുതൽ കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയ്ക്ക് പകരം ടി വിഭാഗങ്ങൾക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ആയതിനാൽ അവർ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതുമാണ്.

2) ബഹു. ഹൈക്കോടതിയുടെ WP(c) 12341/15 -മേലുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ബഹു. ഹൈക്കോടതിയിൽ പാർട്ട് ടൈം ജീവനക്കാരായിരുന്ന 6 ജീവനക്കാരെ 01.04.2013 ശേഷം ഫുൾ ടൈം തസ്തികയിൽ പ്രൊമോഷൻ ലഭിച്ച സമയത്തും അവരുടെ മുൻകാല സർവ്വീസ് പരിഗണിച്ച് പഴയ പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിച്ചിട്ടുള്ളത്. സേവന വേതന വ്യവസ്ഥകൾ പരിഗണിക്കവേ ഭരണഘടനാ സ്ഥാപനമായ ഹൈക്കോടതിയിലെ ജീവനക്കാരെയും സംസ്ഥാന സർക്കാർ ജീവനക്കാരെയും തമ്മിൽ താരതമ്യപ്പെടുത്താനാകില്ല എന്നത് പരിഗണിച്ച് കൊണ്ടാണ് സർക്കാർ പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചത്. ടി WP(C)- യിൽ കക്ഷി ചേർന്നവർക്ക് വേണ്ടി മാത്രമായിട്ടാണ് ഈ ഉത്തരവെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യം തങ്ങൾക്കും ലഭ്യമാക്കണമെന്ന പരാതിക്കാരുടെ ആവശ്യം പരിഗണനാർഹമല്ല. മേൽ സാഹചര്യത്തിൽ ഹർജിക്കാരുടെ ആവശ്യം നിരസിച്ച് കൊണ്ടും പരാതിക്കാരെ കേൾക്കണമെന്ന കോടതി വിധി നടപ്പാക്കിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ഷർമിള മേരി ജോസഫ്**
**ധനകാര്യ (വ്യയം) സെക്രട്ടറി**

പകർപ്പ്:

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ് എസ് എ), കേരള, തിരുവനന്തപുരം
3) അഡ്വക്കറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം.
4) ഒ.എ (ഇ.കെ.എം) നം. 263/2018-ലെ 1 മുതൽ 6 വരെയുള്ള കക്ഷികൾ
5) നോഡൽ ഓഫീസർ, www.finance.kerala.gov.in
6) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പ്

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**